# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/36/2017 | പത്രക്കുറിപ്പ് | 2017 ഫെബ്രുവരി 17

**പ്രാക്ടിക്കൽപരീക്ഷ**

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. പ്ലാന്റ് ബയോടെക്നോളജി ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 20 ന് തിരുവല്ല, മാർ അത്തനേഷ്യസ് കോളേജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാവെബ്ബ്സൈറ്റിൽ ലഭ്യമാണ്.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഇൻഫർമേഷൻ ടെക്നോളജി ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 23 ന് കോന്നി വി.എൻ.എസ് കോളേജ് ഓഫ് ആർട്സ് & സയൻസിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാവെബ്ബ്സൈറ്റിൽ ലഭ്യമാണ്.

2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഇലക്ട്രോണിക്സ്(സി.എസ്.എസ്-2015 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി-2012 മുതലുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 21 ന് അതാത് കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാവെബ്ബ്സൈറ്റിൽ ലഭ്യമാണ്.

2016 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്‌സി. ഇൻഫർമേഷൻ ടെക്നോളജി ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 20 മുതൽ 23 വരെ ഇടകൊച്ചി സിയന്ന കോളേജിലും, 21, 22 തീയതികളിൽ കോന്നി വി.എൻ.എസ് കോളേജ് ഓഫ് ആർട്സ് & സയൻസിലും നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാവെബ്ബ്സൈറ്റിൽ ലഭ്യമാണ്.

2017 മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ് (സ്പെഷ്യൽ എഡ്യൂക്കേഷൻ-ഇന്റലക്ചൽ ഡിസ്എബിലിറ്റീസ്- ക്രഡിറ്റ് ആന്റ് സെമസ്റ്റർ) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ മാർച്ച് 6 മുതൽ അതാത് കേന്ദ്രങ്ങളിൽ ആരംഭിക്കും.

**അപേക്ഷാ തീയതി**

മൂന്നാം സെമസ്റ്റർ എം.എസ്.സി ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ (പുതിയ സ്കീം -2015അഡ്മിഷൻ റെഗുലർ/2015 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ മാർച്ച് 10ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 22 വരെയും 50 രൂപ പിഴയോടെ 23 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 27 വരെയും സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ എം.പി.ഇ/എം.പി.എഡ് ഡിഗ്രി പരീക്ഷകൾ മാർച്ച് 8 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 22 വരെയും 50 രൂപ പിഴയോടെ 23 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 27 വരെയും സ്വീകരിക്കും. റെഗുലർ അപേക്ഷകർ 150 രൂപയും വീണ്ടുമെഴുതുന്നവർ ഒരു പേപ്പറിന് മുപ്പത് രൂപയും സി.വി ക്യാംപ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിനു പുറമെ അടയ്ക്കണം.

**പരീക്ഷാഫലം**

2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ടെക് സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ഫെബ്രുവരി 28 വരെ സ്വീകരിക്കും.

2016 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ ബി.കോം ഓഫ് കാമ്പസ്സ് ആന്വൽ സ്കീം പാർട്ട്-1 ഇംഗ്ലീഷ്, പാർട്ട്-2 മോഡേൺ ലാംഗ്വേജ് (സപ്ലിമെന്ററി/മേഴ്സിചാൻസ്) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 1 വരെ സ്വീകരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. സ്പേസ്സയൻസ് & ടെക്നോളജി(റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 3 വരെ സ്വീകരിക്കും.

2016 ജൂലായിൽ നടത്തിയ ഒന്നു മുതൽ നാല് വരെ വർഷ ബി.എസ്‌സി. മെഡിക്കൽ ലബോറട്ടറി ടെക്നോളജി(പഴയ സ്കീം- 2008 ന് മുൻപുള്ള അഡ്മിഷൻ-അവസാന മേഴ്സി ചാൻസ്) ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 1 വരെ സ്വീകരിക്കും.

2016 ഏപ്രിലിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബി.എൽ.ഐ.എസ്.സി ഓഫ് കാമ്പസ് ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 1 വരെ സ്വീകരിക്കും.

സ്ക്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് സെപ്റ്റംബർ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ഫിൽ റീഹാബിലിറ്റേഷൻ സൈക്കോളജി, സ്പെഷ്യൽ എഡ്യൂക്കേഷൻ ആന്റ് റീഹാബിലിറ്റേഷൻ സയൻസസ്, ബിഹേവിയറൽ സയൻസ് ആന്റ് റീഹാബിലിറ്റേഷൻ നഴ്സിങ്ങ്(റഗുലർ/ഇംപ്രൂവ്മെന്റ്-സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. ബയോടെക്നോളജി (പി.ജി.സി.എസ്.എസ് - റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി)ഡിഗ്രി പരിക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.കോന്നി എസ്.എ.എസ്.എസ്.എൻ.ഡി.പി യോഗം കോളേജിലെ സാരംഗ, അഖില അനിൽ എന്നിവർ യഥാക്രമം ഒന്നും രണ്ടും പൊസിഷനും, പാല സെന്റ് തോമസ് കോളേജിലെ സ്നേഹ സാന്ദ്ര.പി. എസ്, കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ കട്ടച്ചേരിൽ സ്റ്റെഫി ജൂലിയസ് എന്നിവർ മൂന്നാം പൊസിഷനും നേടി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മാർച്ച് 3 വരെ സ്വീകരിക്കും.

**എം.ജി സർവ്വകലാശാലാ പരിക്ഷകൾ ഓൺലൈൻ ആക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.**

സർവ്വകലാശാലാ പരിക്ഷകളിൽ ഓട്ടോമേഷൻ നടപ്പാക്കി പരീക്ഷ നടത്തിപ്പും ഫലപ്രഖ്യാപനവും സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സിൻഡിക്കേറ്റ് തീരുമാന പ്രകാരം ആരംഭിച്ചതായി വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ. ആദ്യഘട്ടമായി മെയ് മാസം ആരംഭിക്കുന്ന പി.ജി പരീക്ഷകളുടെ ചോദ്യ പേപ്പറുകൾ ഓൺലൈനായി കോളേജുകളിൽ എത്തിക്കുവാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. സർവ്വകലാശാലയിൽ നടന്ന അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു വൈസ്ചാൻസിലർ. പ്രോ വൈസ്ചാൻസിലർ ഡോ : ഷീനാഷുക്കൂർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

സാങ്കേതിക സർവ്വകലാശാലയ്ക്കു ശേഷം ചോദ്യപേപ്പറുകൾ ഓൺലൈനായി അയയ്ക്കാൻ നടപടികൾ ആരംഭിച്ച കേരളത്തിലെ സർവ്വകലാശാലയാണ് എം.ജി. ചോദ്യപേപ്പറുകൾ അച്ചടിച്ച് പായ്ക്കറ്റുകളിലാക്കി കോളേജുകളിലെത്തിക്കുന്ന പഴയ സമ്പ്രദായം ഇന്ന് ഇന്ത്യയിലെ മിക്കവാറും സർവ്വകലാശാലകൾ ഉപേക്ഷിച്ചു. ചോദ്യപേപ്പറുകൾ സർവ്വകലാശാലയുടെ സെർവറിൽ നിന്നും പരീക്ഷാദിവസം രാവിലെ പ്രിൻസിപ്പൽമാർക്ക് ലഭ്യമാക്കുന്ന പാസ്‌വേർഡ് ഉപയോഗിച്ച് പരിക്ഷ തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. കോളേജുകളിൽ അതനുസരിച്ചുള്ള ക്രമീകരണങ്ങൾ നടത്തണം. ഹൈസ്പീഡ് പ്രിന്റേഴ്സും ഒന്നിലധികം സർവ്വീസ് പ്രൊവൈഡേഴ്സിന്റെ സേവനവും ഉണ്ടാകണം. സർവ്വകലാശാല ഈക്കാര്യത്തിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രിൻസിപ്പൽമാർക്കു നൽകും. ഇത്തരം സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ ചോദ്യപേപ്പേറുകൾ ചോർന്നു എന്ന പരാതി പൂർണ്ണമായും ഒഴിവാക്കാൻ കഴിയും. ചോദ്യപേപ്പറുകൾ അയയ്ക്കുന്നതിലും പ്രിൻസിപ്പൽമാർ അത് ഡൗൺലോഡ് ചെയ്യുന്നതുമായ പ്രക്രിയകളിൽ ഉയർന്ന സുരക്ഷാ സംവിധാനമാണ് സർവ്വകലാശാല ഏർപ്പെടുത്തിയിട്ടുള്ളത്.

മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്ന് അതേ ദിവസം തന്നെ സർവ്വകലാശാലയിലേക്ക് മാർക്കുകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സംവിധാനവും ആരംഭിച്ചുകഴിഞ്ഞു. ഈ വർഷം മെയ് അവസാന വാരം യു.ജി റിസൽട്ടുകൾ പ്രഖ്യാപിക്കാനാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് വൈസ് ചാൻസിലർ യോഗത്തെ അറിയിച്ചു.

പ്രിൻസിപ്പൽമാരുമായുള്ള ചർച്ചകളിൽ സിൻഡിക്കേറ്റിന്റെ പരീക്ഷാ കമ്മിറ്റി കൺവീനർ ഡോ : ആർ പ്രഗാഷ്, സിൻഡിക്കേറ്റംഗങ്ങളായ ഡോ : പത്മകുമാർ, ഡോ : എ. ജോസ്, ഡോ : ടോമിച്ചൻ ജോസഫ്, ഡോ : പത്മനാഭപിള്ള, അഡ്വ : പി. കെ. ഹരികുമാർ, പരീക്ഷാകൺട്രോളർ ഡോ : തോമസ് ജോൺ. ജോയിന്റ് രജിസ്ട്രാർ സി. രവീന്ദ്രൻ എന്നിവർ പങ്കെടുത്തു.

**എം.ജി സർവ്വകലാശാലാ ലൈബ്രറിയിൽ റേഡിയോ ഫ്രിക്വൻസി ഐഡന്റിഫിക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തി.**

കേരളത്തിലെ സർവ്വകലാശാലാ ലൈബ്രറികളിൽ ആദ്യമായി റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തി എം.ജി സർവ്വകലാശാല. ഇതിലൂടെ പുസ്തകങ്ങൾ അംഗങ്ങൾക്ക് നേരിട്ട് എടുക്കാനും തിരിച്ച് നൽകാനുമുള്ള സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. ലൈബ്രറി സ്റ്റോക് വെരിഫിക്കേഷൻ കുറഞ്ഞ സമയത്തിനുള്ളിൽ നടത്തുന്നതിനും പുസ്തക മോഷണം തടയുന്നതിനും സഹായിക്കും. ഇ. കണ്ടന്റ് വികസനത്തിലൂടെ വരും വർഷങ്ങളിൽ മറ്റ് സർവ്വകലാശാലകളിൽ ലഭ്യമായ അറിവുകൾ എം.ജി യിലും ഉപയോഗിക്കാൻ കഴിയും. ആർ.എഫ്.ഐ.ഡി/ സി.സി ടിവി ഉദ്ഘാടനം സർവ്വകലാശാലാ ലൈബ്രറിയിൽ വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ നിർവ്വഹിച്ചു. ലൈബ്രേറിയൻ ലൈലാ. റ്റി. അബ്രഹാം പ്രൊ : ആർ. വിജയകുമാർ, ആർ. സുജാത, വി. ഗിരീഷ് എന്നിവർ പങ്കെടുത്തു.

**അടിക്കുറിപ്പ്**

എം.ജി സർവ്വകലാശാലാ ലൈബ്രറിയിൽ നടന്ന റേഡിയോ ഫ്രിക്വൻസി ഐഡന്റിഫിക്കേഷൻ സമ്പ്രദായം വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു.

മഹാത്മാസർവ്വകലാശാലയിൽ പരീക്ഷാപരിഷ്കരണത്തെക്കുറിച്ച് നടന്ന അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാരുടെ യോഗത്തിൽ വൈസ് ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ സംസാരിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**